**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ. ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്.)**

**<u>ഉത്തരവ് നമ്പർ. ബി2/165/21/സി.ഇ തീയതി: 19/07/2021</u>**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ കാര്യാലയത്തിലെ 30/06/2021 ലെ ഉത്തരവ് നം. ബി2-162/21/സി.ഇ
2) രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ശ്രീജിത്ത്.ബി-യുടെ 08/03/2021 ലെ അപേക്ഷ

ഈ വകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ)മാരായ ശ്രീ..കെ.ദിവാകരൻ, ശ്രീ.രാജേഷ്.എം. സുകുമാരൻ എന്നിവർക്ക് പരാമർശം(1) ലെ ഉത്തരവ് പ്രകാരം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് വഴി രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) തസ്തികയിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകൾ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും പ്രമോഷൻ മുഖാന്തരം നികത്തേണ്ടതുണ്ട്. മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)മാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം ഏറ്റവും സീനിയറായ നീണ്ടകര സബ്ഡിവിഷനിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.ലേഖ.ഐ, ചെല്ലാനം സബ്ഡിവിഷനിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ബോബി ജോസഫ്.കെ.എ എന്നിവരാണ് സ്ഥാനക്കയറ്റത്തിന് അർഹരായിട്ടുള്ളത്. കൂടാതെ കണ്ണൂർ ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ശ്രീജിത്ത്.ബി പരാമർശം(2) പ്രകാരം സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപറയുന്ന സ്ഥാനക്കയറ്റ/സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഹാർബർ എൻജിനീയറിംഗ് കണ്ണൂർ ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ശ്രീജിത്ത്.ബി-യെ, ടിയാന്റെ അപേക്ഷ പരിഗണിച്ച്, തോട്ടപ്പള്ളി സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

2) ഹാർബർ എൻജിനീയറിംഗ് നീണ്ടകര സബ്ഡിവിഷനിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.ലേഖ.ഐ-യെ 31100-66800/- രൂപ ശമ്പളസ്കെയിലിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കൊയിലാണ്ടി സബ്ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

3) ഹാർബർ എൻജിനീയറിംഗ് ചെല്ലാനം സബ്ഡിവിഷനിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ബോബി ജോസഫ്.കെ.എ-യെ 31100-66800/- രൂപ ശമ്പളസ്കെയിലിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കണ്ണൂർ മാപ്പിളബേ സബ്ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ശ്രീജിത്ത്.ബി
രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

ശ്രീമതി.ലേഖ.ഐ,
മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

ശ്രീ.ബോബി ജോസഫ്.കെ.എ
മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

(മേലധികാരിമുഖേന)

പകർപ്പ്:-

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല/മധ്യമേഖല/ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,കൊല്ലം/ആലപ്പുഴ/എറണാകുളം/കോഴിക്കോട്/കണ്ണൂർ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, നീണ്ടകര/തോട്ടപ്പള്ളി/ചെല്ലാനം/കൊയിലാണ്ടി/മാപ്പിളബേ
4. ബി3, ബി4 സെക്ഷനുകൾക്ക്
5. വെബ് സൈറ്റിലേയ്ക്ക്
6. ചീഫ് എഞ്ചിനീയറുടെ സിഎ

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്